# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

CIN :U40100KL2011SGC027424 വെബ് സൈറ്റ് : www.kseb.in

**ചീഫ് എൻജിനീയർ (എച്ച്.ആർ.എം) ന്റെ കാര്യാലയം**

ടെലഫോൺ നമ്പർ: 0471 2448948 ഇ-മെയിൽ: cehrm@kseb.in


**EB 7/GT-2025/161** **തീയതി, 11-07-2025**

## കെ എസ് ഇ ബി ലിമിറ്റഡിലെ എല്ലാ എ ആർ യു മേധാവികൾക്കുമുള്ള കുറിപ്പ്

വിഷയം :പൊതുസ്ഥലം മാറ്റം - 2025 -വർക്ക്മെൻ വിഭാഗം - വർക്കർ, ലൈൻമാൻ തസ്തികകളിലെ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ഓൺലൈൻ ആയി ക്ഷണിക്കുന്നത് - സംബന്ധിച്ച് ;

സൂചന. B.O (FTD) No. 166/2025 (KSEBL/SEC/PD/228/2025-S2) തീയതി, 07.04.2025

വർക്ക്മെൻ വിഭാഗത്തിലുള്ള ഇലക്ട്രിസിറ്റി വർക്കർ, ലൈൻമാൻ എന്നീ തസ്തികകളിലെ എല്ലാ ജീവനക്കാർക്കും 2025-ലെ പൊതുസ്ഥലം മാറ്റ/സ്ഥലം മാറ്റ സംരക്ഷണ അപേക്ഷകൾ **11.07.2025** മുതൽ ഓൺലൈനായി HRIS-ൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കു ന്നതിനു മുൻപ് നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡ ഉത്തരവുകളിലെ ചട്ടങ്ങളും, വ്യവസ്ഥകളും, ഭേദഗതികളും, HRIS-ൽ നൽകിയിട്ടുള്ള നിർദേശങ്ങളും വ്യക്തമായി വായിച്ചു മനസ്സിലാക്കേണ്ടതാണ്. ഓരോ ദിവസവും ജീവനക്കാർ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ അന്നേദിവസം തന്നെ ചീഫ് എൻജിനീയർ (HRM)-ന്റെ കാര്യാലയത്തിലേക്ക് ഓൺലൈനായി അയക്കുവാൻ ബന്ധപ്പെട്ട ARU മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു കാരണവശാലും ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകളോ, അനുബന്ധ രേഖകളോ ഈ കാര്യാലയത്തിലേക്ക് അയക്കുവാൻ പാടുള്ളതല്ല. അവ അതാത്

എ ആർ യു-വിൽ തന്നെ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി **17.07.2025, 5.00 PM** ആയിരിക്കും. ARU-വിൽ നിന്നും അപേക്ഷകൾ ഓൺലൈനായി ഈ കാര്യാലയത്തിലേക്ക് **18.07.2025, 5.00 PM** - നു മുൻപായി അയച്ചു തരേണ്ടതാണ്.

**ഒപ്പ്/-**

**ചീഫ് എൻജിനീയർ (HRM)**

പകർപ്പ്:1) ബഹു. ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ്, കെ എസ്സ് ഇ ബി ലിമിറ്റഡ്.
2) എക്സിക്യൂട്ടീവ് എൻജിനീയർ, ഐ റ്റി (CU).
3) ചീഫ് പേഴ്സണൽ ഓഫീസർ, കെ എസ്സ് ഇ ബി ലിമിറ്റഡ്.